**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1037 | 05.02.2020 ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ സ്ഥാപിക്കുന്ന നവോത്ഥാന നായകന്മാരുടെ പേരിലുള്ള സമുച്ചയം

| *ചോദ്യം*<br>ശ്രീ.സജി ചെറിയാൻ : | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ സ്ഥാപിക്കുന്നതിന് പ്രാഥമികമായ അനുവാദം ലഭിച്ച നവോത്ഥാന നായകന്മാരുടെ പേരിലുള്ള സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ? | തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ ട്രെയിനിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധം I ആയും സാംസ്കാരിക വകുപ്പിന് നൽകിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധം II ആയും ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

കേരള സർക്കാർ
തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നം. സി3/343/2019/തൊഴിൽ

തിരുവനന്തപുരം
തീയതി 28/06/2019

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം :- തൊഴിലും നൈപുണ്യവും വകുപ്പ് - ചെങ്ങന്നൂർ ഐ.ടി.ഐ – സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറുന്നത് - സംബന്ധിച്ച്.

സൂചന :- 1) താങ്കളുടെ 07/06/2019, 20/06/2019 എന്നീ തീയതികളിലെ ഡി.റ്റി/611/2019-ഐ 2 നം. കത്ത്.
2) ഈ ഓഫീസിലെ 17/06/2019 ലെ ഇതേ നം. കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ചെങ്ങന്നൂർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായുള്ള 20.2 ഏക്കർ ഭൂമിയിൽ നിന്നും 3 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം വ്യാവസായിക പരിശീലന വകുപ്പിൽ തന്നെ നിലനിർത്തി ആയതിന്റെ കൈവശാവകാശം സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് സാംസ്കാരിക വകുപ്പിന് വിട്ട് നല്കുന്നതിന് ഈ വകുപ്പിന് സമ്മതമാണെന്നും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ടോപ്പോഗ്രാഫിക് സർവ്വേ സോയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ സാംസ്കാരിക വകുപ്പ് നടത്തുന്നതിന് ഈ വകുപ്പിന് വിരോധമില്ലെന്നും സാംസ്കാരിക വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

i. പുതിയതായി ക്വാർട്ടേഴ് സ് നിർമ്മിക്കുന്നതു വരെ ഐ.ടി.ഐ ക്വാർട്ടേഴ്സ് നിലനിർത്തണം.

ii. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സാംസ്കാരിക സമുച്ചയത്തിലെ ലൈബ്രറി,ആഡിറ്റോറിയം, കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങൾ ഐ.ടി.ഐ-കളിലെ ട്രെയിനികൾക്കും ജീവനക്കാർക്കും സൗജന്യമായി ഉപയോഗിക്കാൻ കഴിയണം.

iii. ടി സ്ഥലത്ത് നിലവിലുള്ള കിണർ ഐ.ടി.ഐ-യുടെ ആവശ്യങ്ങൾക്ക് തുടർന്നും ഉപയോഗിക്കാൻ കഴിയണം.

iv. ഐ.ടി.ഐ-യിലെ സ്ഥാവര ജംഗമവസ്തുക്കളുടെ സുരക്ഷയെ മുൻനിർത്തി ഐ.ടി.ഐ കോമ്പൗണ്ടിനും സാംസ്കാരിക സമുച്ചയത്തിനും ഇടയിൽ പ്രവേശന കവാടത്തോട് കൂടിയ മതിൽ നിർമ്മിച്ച് നൽകണം.

ഇതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ആർ.എസ്. തുസി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

Bindu

സെക്ഷൻ ഓഫീസർ.

Bindu
സെക്ഷൻ ഓഫീസർ

അനുബന്ധം II

CLAD-A2/198/2017-CLAD dated
24.07.2019

" താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ചെങ്ങന്നൂർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായുള്ള 20.2 ഏക്കർ ഭൂമിയിൽ നിന്നും 3 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം തൊഴിൽ പരിശീലന വകുപ്പിൽ തന്നെ നിലനിർത്തി ആയതിന്റെ കൈവശാവകാശം സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് സാംസ്കാരിക വകുപ്പിന് വിട്ട് നല്കുന്നതിന് ഈ വകുപ്പിന് സമ്മതമാണെന്നും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ടോപ്പോഗ്രാഫിക് സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ സാംസ്കാരിക വകുപ്പ് നടത്തുന്നതിന് ഈ വകുപ്പിന് വിരോധമില്ലെന്നും അറിയിച്ചുകൊള്ളുന്നു. കൂടാതെ, സ്ഥലം കൈമാറ്റമുൾപ്പെടെയുള്ള തുടർ നടപടി സ്വീകരിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു.

i. പുതിയതായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതു വരെ ഐ.ടി.ഐ ക്വാർട്ടേഴ്സ് നിലനിർത്തണം.
ii. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സാംസ്കാരിക സമുച്ചയത്തിലെ ലൈബ്രറി, ആഡിറ്റോറിയം, കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങൾ ഐ.ടി.ഐ-കളിലെ ട്രെയിനികൾക്കും ജീവനക്കാർക്കും സൗജന്യമായി ഉപയോഗിക്കാൻ കഴിയണം.
iii. ടി സ്ഥലത്ത് നിലവിലുള്ള കിണർ ഐ.ടി.ഐ-യുടെ ആവശ്യങ്ങൾക്ക് തുടർന്നും ഉപയോഗിക്കാൻ കഴിയണം.
iv. ഐ.ടി.ഐ-യിലെ സ്ഥാവര ജംഗമവസ്തുക്കളുടെ സുരക്ഷയെ മുൻനിർത്തി ഐ.ടി.ഐ കോമ്പൗണ്ടിനും സാംസ്കാരിക സമുച്ചയത്തിനും ഇടയിൽ പ്രവേശന കവാടത്തോട് കൂടിയ മതിൽ നിർമ്മിച്ച് നൽകണം.

ഇതിന് ബഹു തൊഴിൽ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

Bindu
അഡീഷണൽ സെക്രട്ടറിക്ക് വേണ്ടി

Bindu
സെക്ഷൻ ഓഫീസർ